
# 2026-27
# വാർഷിക ബജറ്റ്









LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

## ഒഴൂർ ഗ്രാമപഞ്ചായത്ത്

ഒഴൂർ പി.ഒ, മലപ്പുറം ജില്ല, പിൻ–676307
ഫോൺ 04942582276

# ഒഴൂർ ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2026-27

## ആമുഖം



പ്രിയപ്പെട്ടവരെ,

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ള ബജറ്റ് ഏറെ നൂതനാശയങ്ങളോടുകൂടി അവതരിപ്പിക്കുന്നതിന് വേണ്ടിയാണ് നാം ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നത്. ബജറ്റിന്റെ ആമുഖ പ്രസംഗത്തിലേക്ക് മുഴുവൻ മെമ്പർമാരുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് ഈ ഭരണസമിതിയുടെ ആദ്യ ബജറ്റ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റും ധനകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷയുമായ ശ്രീമതി ബിന്ദു മുളന്തല ഇവിടെ അവതരിപ്പിക്കുന്നത്.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റേയും അധികാര വികേന്ദ്രീകരണത്തിന്റേയും ആണിക്കല്ലായ ഗ്രാമസഭയിൽ നിന്നും ഉരുത്തിരുഞ്ഞ നിർദ്ദേശങ്ങളാണ് പദ്ധതികളായി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഡുതലങ്ങളിൽ സജീവമായി ചേർന്ന ഗ്രാമസഭകൾ, അവയിലെ നിർദ്ദേശങ്ങൾ സ്വരൂപിച്ച് പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പുകൾകൾ, ശേഷം വളരെ വലിയ ജനപങ്കാളിത്തത്തോടെ വികസനസെമിനാറുകൾ, ഇവയിലെ കാര്യമായ പ്രസക്തമായ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

തനത് ഫണ്ട് നാമമാത്രമായ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സംസ്ഥാന കേന്ദ്ര ഫണ്ടുകളെ മാത്രം ആശ്രയിച്ചാണ് പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഫണ്ട് ലഭ്യതകുറവുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ നാനാമുഖ വികസന വീക്ഷണത്തോടുകൂടിയും, യഥാർത്ഥ വികസന പ്രശ്നങ്ങളെ യഥാവിധി അഭിമുഖീകരിക്കുന്ന രീതിയിലുമാണ് ബജറ്റ് വിഭാവനം ചെയ്തിട്ടുള്ളത്. തീർത്തും കാർഷിക മേഖലയായ ഈ പഞ്ചായത്തിന്റെ കാർഷിക മേഖല പരിപോഷിപ്പിക്കുക എന്ന ഒരൊറ്റ ലക്ഷ്യം മുന്നിൽ കണ്ടുള്ള കാര്യങ്ങളാണ് ഈ ബജറ്റ് പ്രാധാന്യം നൽകിയിട്ടുള്ളത്.

പഞ്ചായത്തിലെ റോഡുകൾ, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവക്കും ബജറ്റിൽ കാര്യമായ പരിഗണന നല്കുന്നു. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യം സാധൂകരിക്കുക എന്ന ഉത്തരവാദിത്വമായി ഭരണസമിതി കാണുകയും, ഇതിലേക്കായി, സേവന, പശ്ചാത്തല മേഖലകളിൽ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ വേണ്ട ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളായ മാലിന്യ നിർമ്മാർജ്ജനം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കുടിവെള്ളം, ഭവന നിർമ്മാണം, ആരോഗ്യ മേഖലയിലെ സമസ്ത വികസനം പട്ടികജാതി വികസനം എന്നിവയ്ക്കും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

നമ്മുടെ നാടിന്റെ തീരാശാപമായ മാലിന്യ നിർമ്മാർജ്ജനം ഒരു തീവ്ര യജ്ഞമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കും, നൂതന സംവിധാനമായി ഇ-വേസ്റ്റ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കാനുള്ള ബജറ്റിന്റെ പരിഗണനയിലാണ്.

നമ്മുടെ പഞ്ചായത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ജനതയെ ഉയർത്തിക്കൊണ്ട് വരുന്നതിനും, വയോജനങ്ങളുടേയും ഭിന്നശേഷിക്കാരുടേയും ഉന്നമനത്തിനും, അതി ദരിദ്രർക്ക് ആനുകൂല്യം നൽകാനുള്ള പദ്ധതികളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗി പരിചരണവും സമഗ്ര കുടിവെള്ള വിതരണവും, ബജറ്റിലെ പുതിയ പദ്ധതികളാണ്. കൂടാതെ സ്ത്രീകൾ, കുട്ടികൾ, വനിതാ കൂട്ടായ്മകൾ എന്നിങ്ങനെ കൈതാങ്ങാവശ്യമായവരും പ്രത്യേക പരിഗണന വേണ്ടവർക്കും പ്രയോജനപ്പെടുന്ന പദ്ധതികൾക്കുള്ള തുകയും വകയിരുത്തിയിട്ടുണ്ട്.

എല്ലാമേഖലകൾക്കും പരിഗണന നൽകിക്കൊണ്ടുള്ള സമഗ്രവും നൂതനവുമായ ഒട്ടനവധി പദ്ധതികൾക്ക് ഫണ്ട് വകയിരുത്തിയ ഈ ബജറ്റ് ഒഴൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമവും പ്രദേശത്തിന്റെ വികസവും സാധ്യമാവാൻ കഴിയുന്ന ബജറ്റായി മാറാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

**സ്നേഹാദരങ്ങളോടെ,**

**സക്കീന കുന്നത്ത്**

**പ്രസിഡന്റ് ഒഴൂർ ഗ്രാമപഞ്ചായത്ത്**

# ഒഴൂർ ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2026–27 അവതരണം



**ബിന്ദു മുളന്തല**
**വൈസ് പ്രസിഡണ്ട്**

ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2026-27 ബജറ്റിന്റെ ആമുഖ പ്രസംഗം നിർവ്വഹിച്ച ബഹുമാനപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സക്കീന കുന്നത്ത് ബഹുമാന്യരായ സ്ഥിരം സമിതി അദ്ധ്യക്ഷരായ ശ്രീമതി സമീറ, ശ്രീ. മുനീർ ഊരോത്തിയിൽ, ശ്രീമതി. ഫാത്തിമത്ത് സുഫീല പ്രിയപ്പെട്ട ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റു സഹപ്രവർത്തകർ, ജീവനക്കാർ

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വരാനിരിക്കുന്ന സാമ്പത്തിക വർഷത്തെ വികസന സ്വപ്നങ്ങളും സാമ്പത്തിക ലക്ഷ്യങ്ങളും ഉൾക്കൊള്ളുന്ന 2026-27 - ലെ ബജറ്റ് ഈ സഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

മാറ്റത്തിന്റെ പുതിയൊരു പാതയിലേക്ക് നമ്മൾ ചുവടുവെക്കുകയാണ്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ, ജനകീയ പങ്കാളിത്തത്തോടും സുതാര്യതയോടും കൂടി തയ്യാറാക്കിയ ഈ ബജറ്റ് കേവലം ഒരു വരവ്-ചെലവ് കണക്ക് മാത്രമല്ല; മറിച്ച് നമ്മുടെ നമ്മുടെ ഗ്രാമത്തിൻറെ സമഗ്ര മുന്നേറ്റത്തിനും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും നിറം പകരുന്ന ഒന്നാണ്. താഴെത്തട്ടിലുള്ളവർക്ക് കൈത്താങ്ങാകാനും, ആധുനികമായ വികസന കാഴ്ചപ്പാടുകൾ നടപ്പിലാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയൊരു സാമ്പത്തിക വർഷത്തിന്റെ ദിശാസൂചികയായി ഈ ബജറ്റിനെ ഞാൻ അവതരിപ്പിക്കുന്നു.

ഈ വർഷത്തെ ബജറ്റ് പ്രധാനമായും ഊന്നൽ നൽകുന്നത് താഴെ പറയുന്ന മേഖലകളിലാണ്:

- അടിസ്ഥാന സൗകര്യ വികസനം: മികച്ച റോഡുകൾ, തെരുവ് വിളക്കുകൾ എന്നിവയുടെ നവീകരണം.

- കാർഷിക മേഖല: കർഷകർക്ക് അർഹമായ ആനുകൂല്യങ്ങളും നൂതന കൃഷിരീതികളും പ്രോത്സാഹിപ്പിക്കുക.
- ആരോഗ്യവും വിദ്യാഭ്യാസവും: കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വികസനവും പൊതുവിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തലും.
- സാമൂഹിക ക്ഷേമം: പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വയോജനങ്ങൾക്കും ആവശ്യമായ പെൻഷനുകളും ക്ഷേമ പദ്ധതികളും ഉറപ്പാക്കുക.
- മാലിന്യ സംസ്കരണം: 'മാലിന്യമുക്ത പഞ്ചായത്ത്' എന്ന ലക്ഷ്യത്തോടെയുള്ള പുതിയ പദ്ധതികൾ.

പ്രാരംഭ ബാക്കി 29675699 രൂപ ഉൾപ്പെടെ പ്രതീക്ഷിത വരവ് 308121365 രൂപയും ചെലവ് 318927131 രൂപയും ബജറ്റിൽ നീക്കിയിരുപ്പായി 18869933 രൂപയും പ്രതീക്ഷിക്കുന്ന ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2026-27 വർഷത്തെ ബഡ്ജറ്റ് അവതരണത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

ഈ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച ധനകാര്യ സ്ഥിരം സമിതി അംഗങ്ങൾ, മറ്റു സ്ഥിരം സമിതി അദ്ധ്യക്ഷർ, ജനപ്രതിനിധികൾ, സെക്രട്ടറി, അക്കൗണ്ടന്റ്, ജീവനക്കാർ, ഘടക സ്ഥാപന മേധാവികൾ എന്നിവരോടുള്ള കടപ്പാട് ആദ്യമേ രേഖപെടുത്തട്ടെ ...

ബഹുമാനപ്പെട്ട അധ്യക്ഷൻ ഉൾപ്പെടെയുള്ള ഈ സഭയെ വന്ദിച്ചുകൊണ്ട് ഞാൻ തുടങ്ങട്ടെ. മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞു, 'ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്' എന്ന്. ആ ആത്മാവിനെ തൊട്ടറിഞ്ഞുകൊണ്ടും, നമ്മുടെ ഗ്രാമത്തിലെ ഓരോ സാധാരണക്കാരന്റെയും സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ ലക്ഷ്യമിട്ടുമാണ് ഈ ബജറ്റ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്...

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാൻറുകളും പദ്ധതി വിഹിതങ്ങൾക്കു പുറമേ പഞ്ചായത്തിൻറെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

1. കാർഷിക മേഖല

ഒരു കാർഷിക ഗ്രാമമാണ് ഒഴൂർ ഗ്രാമപഞ്ചായത്ത്. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽ എന്നത് പോലെ നെൽകൃഷി, വെറ്റില കൃഷി, കുരുമുളക് കൃഷിക്കൊപ്പം നാളികേര കൃഷിയുടെ വികസനവും ഒപ്പം വിഷരഹിതമായ പച്ചക്കറി ഉപയോഗിക്കണം എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് അടുക്കള കൃഷിക്കും ഈ ബജറ്റ് മുൻഗണന നൽകുന്നു.

ഫാസ്റ്റ് ഫുഡ് സംസ്കാരം നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി നമുക്കറിയാം. ജീവിതശൈലി രോഗങ്ങൾക്കെതിരെ നമുക്ക് ഒരു പ്രതിരോധനിര കെട്ടിപ്പടുക്കേണ്ടതുണ്ട് . നമ്മുടെ നാട്ടിലെ ജനങ്ങളുടെ ഭക്ഷണരീതിയിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ആരോഗ്യ ബോധമുള്ള പുതിയ തലമുറ ഭക്ഷണത്തിൽ മില്ലറ്റുകൾ കൂടുതലായി ഉൾപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ മില്ലറ്റുകൾ കൃഷി ചെയ്യാനും, അത് കൃഷി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാനും പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ഇങ്ങനെ കാർഷിക മേഖലയ്ക്കായി 5038666/- രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

2. മൃഗസംരക്ഷണം

കാർഷിക മേഖലയോട് ചേർന്നു നിൽക്കുന്നതാണ് മൃഗസംരക്ഷണം. അത് നമ്മുടെ സംസ്കൃതിയുടെ അല്ലെങ്കിൽ സംസ്കാരത്തിന്റെ ഒരു ഭാഗം കൂടിയാണ്. ഈ മേഖലയ്ക്കായി ബജറ്റിൽ 6256350/- രൂപ നീക്കിവെക്കുന്നു

3. ആരോഗ്യ മേഖല

ആരോഗ്യമുള്ള ഒരു ജനതയാണ് ഏതു നാടിന്റെയും ഏറ്റവും വലിയ സമ്പത്ത്. നേരത്തെ പറഞ്ഞതുപോലെ ജീവിതശൈലി രോഗങ്ങൾ തടയുന്നതിന് മുൻഗണന കൊടുക്കുന്നതിന്റെ ഭാഗമായി അത്തരം രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്യുന്നുണ്ട്. ജനങ്ങളിൽ ആവശ്യമായ വ്യായാമ ശീലങ്ങൾ ഉണ്ടാക്കേണ്ടതുണ്ടതുണ്ട്. അതിനോടൊപ്പം പാരമ്പര്യ രോഗങ്ങൾക്കെതിരെയും പകർച്ചവ്യാധികൾക്കെതിരെയും പ്രവർത്തിക്കാൻ ആരോഗ്യ മേഖലയെ കൂടുതൽ ശക്തമാക്കണം പ്രതിരോധ കുത്തിവെപ്പുകൾ എല്ലാവരും എടുത്തു എന്ന് ഉറപ്പുവരുത്തണം. കിടപ്പുരോഗികൾക്ക് കൂടുതൽ ആശ്വാസം എത്തിക്കേണ്ടതുണ്ട്.പാലിയേറ്റീവ് കെയറുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം.ഇങ്ങനെ ആരോഗ്യമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പാലിയേറ്റീവ് കെയറുകൾക്ക് കൂടുതൽ മരുന്നും രോഗികൾക്ക് സഹായകമായ

ഉപകരണങ്ങളും വാങ്ങുന്നതിനും ഉൾപ്പെടെ നടപ്പു സാമ്പത്തിക വർഷം 5257000/- രൂപ നീക്കി വയ്ക്കുന്നു.

## 4. വിദ്യാഭ്യാസ മേഖല

ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് ലഭിക്കുന്നതിന് പ്രൈമറി സ്കൂളുകളിൽ പ്രത്യേകിച്ച് എൽ പി ക്ലാസുകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്ന നൂതന പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ വർഷം ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തലുകൾ ആവശ്യമായ സ്കൂളുകളിൽ അതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി 2280000/- രൂപ വകയിരുത്തുന്നു.

## 5. പശ്ചാത്തല മേഖല

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകളുടെയും, എം എൽ എ ഫണ്ടുകളുടെയും സഹായത്തോടെ പശ്ചാത്തല മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഏതാണ്ട് എല്ലാ റോഡുകളും മെച്ചപ്പെട്ട രീതിയിലേക്ക് എത്തിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ ആസ്തിയിൽ പുതുതായി ഉൾപ്പെടുന്ന റോഡുകളും നേരത്തെ ബാക്കിയുള്ള ഏതാനും റോഡുകളും ടാറിങ്ങോ കോൺക്രീറ്റോ ചെയ്യുന്നതിനായും, നേരത്തെ നിർമ്മിക്കപ്പെട്ട റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായും ഈ ബജറ്റിൽ 19040000/- രൂപ വകയിരുത്തുന്നു.

## 6. പാർപ്പിട മേഖല

എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് നമ്മുടെ പഞ്ചായത്ത് അടുത്തുകൊണ്ടിരിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് ലഭിക്കുന്നതിന് അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി പദ്ധതികൾ കാര്യക്ഷമമായി തയ്യാറാക്കുന്നുണ്ട് പാർപ്പിട മേഖലയ്ക്കായി 64800000/- രൂപ വകയിരുത്തുന്നു.

## 7. പട്ടികജാതി ക്ഷേമം

അവശജന വിഭാഗങ്ങളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും പുരോഗതികൾക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും പൂർണ്ണമായ ലക്ഷ്യത്തിലേക്ക് എത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പട്ടികജാതി

വികസനത്തിനായും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായും ബജറ്റിൽ 3665000/- രൂപ നീക്കി വെയ്ക്കുന്നു.

**8. വയോജനക്ഷേമം**

ജീവിതത്തിന്റെ നല്ലൊരു ഭാഗം സമൂഹത്തിനായി അർപ്പിച്ച നമ്മുടെ നാട്ടിലെ ജനങ്ങളെ അവരുടെ ജീവിത സായാഹ്ന വേളയിൽ ചേർത്തുനിർത്തുക എന്നത് നമ്മുടെ കടമയാണ്. 2024 -2025 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങളുടെ ആരോഗ്യ പരിചരണത്തിനും , മെഡിക്കൽ ക്യാമ്പുകൾക്കും പ്രാധാന്യം നൽകുകയും മാനസിക ഉല്ലാസത്തിനായി വിനോദയാത്രകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. വയോജന ക്ഷേമത്തിനായി നടപ്പ് സാമ്പത്തിക വർഷം 300000/- രൂപ നീക്കി വെയ്ക്കുന്നു

**9. സാമൂഹ്യനീതി ഉറപ്പാക്കൽ**

ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നതു മാത്രമല്ല അതിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായും, അങ്കണവാടികളുടെ സമഗ്ര വികസനത്തിനായും, കൗമാരക്കാരായ പെൺകുട്ടികളുടെ ക്ഷേമത്തിനായും കൂടുതൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 539000/- രൂപ ഈ ബജറ്റിൽ നീക്കിവെക്കുന്നു.

**10. ശുചിത്വ മേഖല; ഹരിത കേരളം**

ഹരിതകർമ്മസേന നമ്മുടെ നാടിന്റെ പുരോഗതിക്കായുള്ള സേനയായി കൂടുതൽ കർമ്മോത്സുകതയോടെയും കാര്യക്ഷമമായും പ്രവർത്തിക്കുന്നത് ശുചിത്വ മേഖലയിൽ വളരെയധികം പുരോഗതിക്ക് ഇടയാക്കിയിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിലൂടെ ശുചിത്വത്തിന്റെ കാര്യത്തിൽ നാം പൂർണ്ണമായ നേട്ടത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഈ മേഖലയ്ക്കായി ബജറ്റിൽ 1500000/- രൂപ വകയിരുത്തുന്നു.

**11. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.**

2005 ൽ മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ കൊണ്ടുവന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നമ്മുടെ നാടിന്റെ ദാരിദ്ര്യനിർമ്മാർജനത്തിലും വനിതാ ശാക്തീകരണത്തിലും നിർണായകമായ പങ്കാണ് വഹിച്ചത്. ഇതിലൂടെ നമ്മുടെ പഞ്ചായത്തിലും സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്താനും അതുവഴി ഗ്രാമീണ മേഖലയുടെ പ്രത്യേകിച്ചു വനിതകളുടെ സാമ്പത്തിക സ്വയം പര്യാപ്തത

വർധിപ്പിക്കാനും കഴിഞ്ഞു. നടപ്പ സാമ്പത്തിക വർഷത്തേക്ക് 32000000/- രൂപ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവെക്കുന്നു.

12. സ്പോർട്സ്, യുവജനക്ഷേമം.

നമ്മുടെ പഞ്ചായത്തിന് സ്വന്തമായി ഒരു കളിസ്ഥലം എന്നാവശ്യത്തിന് നിരവധി വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷം ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ നമുക്ക് കഴിയണം. അതോടൊപ്പം തന്നെ യുവാക്കളുടെ പുരോഗതിക്കും, അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ഉള്ള പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. ഇങ്ങനെ യുവജനക്ഷേമ പദ്ധതികൾ, സ്പോർട്സ് എന്നിവയ്ക്കായി 200000/- രൂപ നീക്കിവെക്കുന്നു.

13. കലാസംസ്കാരികം

നമ്മുടെ നാടിന്റെ തനതായ സംസ്കാരത്തെ പരിപോഷിപ്പിക്കുന്ന കലാ - സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 200000/- രൂപ ഈ ബജറ്റിൽ നീക്കി വയ്ക്കുന്നു.

14. കുടുംബശ്രീ

കുടുംബശ്രീ പദ്ധതി വിപ്ലവകരമായ മാറ്റങ്ങളാണ് സമൂഹത്തിൽ ഉണ്ടാക്കിയത്. നടപ്പ സാമ്പത്തിക വർഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 300000/- രൂപ വകയിരുത്തുന്നു.

15. ഊർജ്ജം.

പഞ്ചായത്തിന്റെ വൈദ്യുത ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വൈദ്യുതവിളക്കുകൾക്ക് പകരം സോളാർ വിളക്കുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കായി 1000000/- രൂപ നീക്കിവെക്കുന്നു.

16. വ്യവസായം.

വ്യാവസായികമായി പിന്നോക്കാവസ്ഥയിലാണ് നമ്മുടെ പഞ്ചായത്ത്. അതു പരിഹരിക്കാനും ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുമായി 200000/- രൂപ വകയിരുത്തുന്നു.

17. പൊതു ഭരണം

നമ്മുടെ പഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ നൽകുന്നതിനായി ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുകയും തൽഫലമായി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ

ഓഫീസ് പ്രവർത്തനങ്ങൾ മാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

ഗ്രാമങ്ങൾ ഉണർന്നാൽ മാത്രമേ രാജ്യം ഉണരുകയുള്ളൂ വികസനമെന്നത് വെറും കരിങ്കല്ലും സിമന്റും മാത്രമല്ല, അത് സാധാരണക്കാരന്റെ കണ്ണീരൊപ്പുന്നതും അവന്റെ ജീവിതനിലവാരം ഉയർത്തുന്നതുമാകണം. നന്മയുടെയും വികസനത്തിന്റെയും പുതിയ പുലരിയിലേക്ക് നമുക്ക് ഒരുമിച്ച് നീങ്ങാം. ജനകീയ പങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിനെ ഒരു മാതൃകാ പഞ്ചായത്താക്കി മാറ്റാൻ ഈ ബജറ്റ് സഹായിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതോടൊപ്പം തന്നെ സർക്കാർ നൽകുന്ന പദ്ധതി വിഹിതവും തദ്ദേശഭരണ വകുപ്പിന്റെ ഫണ്ടുകളും കൃത്യമായും കാര്യക്ഷമമായും വിനിയോഗിക്കുമെന്ന് ഈ ബജറ്റിലൂടെ ഉറപ്പുനൽകുന്നു. മേൽ പറഞ്ഞ പ്രകാരമുള്ള ഒഴൂര് ഗ്രാമ പഞ്ചായത്തിന്റെ 2026-27 വാർഷിക ബജറ്റ് ആരോഗ്യകരമായ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നു.

| | | | | |
|---|---|---|---|---|
| Report: Form 1 | | | | |
| From Date: 2026-2027 NEW BUDGET | | | | |
| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
| | Opening Balance | | 78912100 | 29675699 |
| | Revenue Receipt - 1 | | | |
| | Tax Revenues - 110 | | | |
| 1 | 1100107 Property Tax On Residential Buildings | | 3900000 | 4200000 |
| 2 | 1100108 Property Tax On Non-Residential Buildings | | 1700000 | 2500000 |
| 3 | 1101001 Profession Tax – Employees | | 900000 | 1000000 |
| 4 | 1101002 Profession Tax - Traders/ Institutions | | 400000 | 450000 |
| | Total Tax Revenues | | 6900000 | 8150000 |
| | Fees and User Charges - 140 | | | |
| 5 | 1401099 Other Empanelment & Registration Charges | | 5000 | 5750 |
| 6 | 1401101 License Fees for IFTEOS | | 150000 | 160000 |
| 7 | 1401106 License Fees for Domestic Dogs | | 700 | 500 |
| 8 | 1401201 Fees for Construction of Buildings | | 1500000 | 1700000 |
| 9 | 1401202 Fees for Installation of Machinery | | 2000 | 1000 |
| 10 | 1401203 Permit Application fee | | 250000 | 175000 |
| 11 | 1401302 Fees for Delayed Registration - Birth & Death | | 1000 | 1000 |
| 12 | 1401304 Fee for Marriage Registration | | 40000 | 15000 |
| 13 | 1401305 Fee for Non Availability Certificate | | 100 | 500 |
| 14 | 1401306 Fee for Correction in Registration | | 3000 | 500 |
| 15 | 1401399 Fees for Other Certificates or Extracts | | 100000 | 75000 |
| 16 | 1401701 Regularization Fees | | 1800000 | 500000 |
| 17 | 1402003 Other Penalities and Fines | | 200000 | 250000 |
| 18 | 1402004 Compounding Fee | | 7000 | 10000 |
| 19 | 1402005 Fine for Dumping Waste | | 30000 | 100000 |
| 20 | 1402006 Fine imposed by Health Authorities | | 4000 | 5000 |
| 21 | 1404002 Notice Fees | | 7000 | 5000 |

| | | | | |
|---|---|---|---|---|
| 22 | 1404004 Ownership Change Fees - Fine | | 35000 | 35000 |
| 23 | 1404008 Delayed Registration Fees | | 15000 | 2000 |
| 24 | 1404009 Search Fees | | 800 | 2000 |
| 25 | 1404011 Late Fee | | 350 | 0 |
| 26 | 1404099 Other Fees | | 400000 | 400000 |
| | Total Fees and User Charges | | 4550950 | 3443250 |
| | Sale and Hire Charges - 150 | | | |
| 27 | 1501101 Receipts from Sale of Forms | | 350000 | 150000 |
| | Total Sale and Hire Charges | | 350000 | 150000 |
| | Revenue Grants, Contributions and Subsidies - 160 | | | |
| 28 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | | 1720600 | 1978690 |
| 29 | 1601012 Fund for Transferred Functions/ Schemes - Widow Pension | | 30047300 | 34554395 |
| 30 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | | 749000 | 861350 |
| 31 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | | 10333600 | 11883640 |
| 32 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 240000 | 276000 |
| 33 | 1601018 Fund for Transferred Functions/ Schemes - Old Age Pension | | 58809600 | 67631040 |
| 34 | 1601023 General Purpose Fund | | 23764000 | 27408000 |
| 35 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | | 5000000 | 27000000 |
| | Total Revenue Grants, Contributions and Subsidies | | 130664100 | 171593115 |
| | Income from Investments - 170 | | | |
| 36 | 1701001 Interest on Investments | | 0 | 550000 |
| | Total Income from Investments | | 0 | 550000 |
| | Interest Earned - 171 | | | |
| 37 | 1711001 Interest from Bank Accounts | | 500000 | 0 |

| | | | | |
|---|---|---|---|---|
| | Total Interest Earned | | 500000 | 0 |
| | Other Income - 180 | | | |
| 38 | 1808099 Miscellaneous Receipts | | 2400000 | 2000000 |
| | Total Other Income | | 2400000 | 2000000 |
| | Total Revenue Receipt | | 145365050 | 185886365 |
| | Capital Receipt - 2 | | | |
| | Grants, Contribution for Specific Purposes - 320 | | | |
| 39 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | | 1017998 | 0 |
| 40 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | | 1782993 | 0 |
| 41 | 3201003 Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs | | 2775000 | 0 |
| 42 | 3201004 Central Finance Commission Grant - Tied | | 5558000 | 0 |
| 43 | 3201005 Central Finance Commission Grant - Untied | | 3706000 | 0 |
| 44 | 3201020 Integrated Child Development Service | | 4500414 | 0 |
| 45 | 3201024 National Health Mission | | 300000 | 0 |
| 46 | 3201027 Swaccha Bharat Mission - Grameen | | 2081000 | 0 |
| 47 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 27500000 | 30000000 |
| 48 | 3202001 Development Fund - General | | 0 | 36864000 |
| 49 | 3202002 Development Fund - Special Component Plan | | 3822500 | 3665000 |
| 50 | 3202009 Maintenance Fund - Road Assets | | 20749197 | 13095000 |
| 51 | 3202010 Maintenance Fund - Non-Road Assets | | 7416000 | 6811000 |
| 52 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | | 11000000 | 0 |
| 53 | 3202037 Other Revenue Grants | | 18570000 | 0 |
| 54 | 3208010 Beneficiary Contribution | | 1519164 | 0 |

| | | | | |
|---|---|---|---|---|
| 55 | 3209001 Contribution to Joint Venture Projects from District Panchayat | | 8780000 | 0 |
| 56 | 3209002 Contribution to Joint Venture Projects from Block Panchayat | | 9790000 | 0 |
| | Total Grants, Contribution for Specific Purposes | | 130868266 | 90435000 |
| | Secured Loans - 330 | | | |
| 57 | 3305003 Loan from K.U.R.D.F.C | | 0 | 29600000 |
| | Total Secured Loans | | 0 | 29600000 |
| | Other Liabilities - 350 | | | |
| 58 | 3501301 Employers Liabilities - Pension Contribution (NPS) | | 353251 | 0 |
| 59 | 3502020 Recoveries Payable - Employee Share NPS | | 3251 | 0 |
| 60 | 3502025 Recoveries Payable - Income Tax Deducted at Source | | 100000 | 0 |
| 61 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | | 100000 | 0 |
| 62 | 3502030 Recoveries Payable - House Building Advance | | 68000 | 0 |
| 63 | 3503001 Government and Other Dues Payable - Library Cess Payable | | 195981 | 0 |
| 64 | 3503005 Government and Other Dues Payable-TDS - CGST | | 100000 | 0 |
| 65 | 3503013 Government and Other Dues Payable - Others payable | | 7596561 | 0 |
| | Total Other Liabilities | | 8517044 | 0 |
| | Loans, Advances and Deposits - 460 | | | |
| 66 | 4601001 Festival Advance to Employees | | 126000 | 200000 |
| 67 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1327575 | 1800000 |
| 68 | 4605099 Advance to Others | | 300000 | 200000 |
| | Total Loans, Advances and Deposits | | 1753575 | 2200000 |
| | Total Capital Receipt | | 141138885 | 122235000 |
| | Revenue Expenditure - 3 | | | |
| | Establishment Expenses - 210 | | | |
| 69 | 2101001 Salaries -Secretary | | 2000000 | 1800000 |

| | | | | |
|---|---|---|---|---|
| 70 | 2101003 Salaries - Permanent Staff | | 7600000 | 6500000 |
| 71 | 2101004 Salaries - Contract Staff | | 2000000 | 1600000 |
| 72 | 2101007 Salaries - Part time Contingent Staff | | 500000 | 450000 |
| 73 | 2101101 Wages | | 1400000 | 700000 |
| 74 | 2101201 Bonus | | 75000 | 200000 |
| 75 | 2102001 Travelling Allowances - Secretary | | 100000 | 100000 |
| 76 | 2102003 Travelling Allowances - Permanent Staff | | 150000 | 200000 |
| 77 | 2102004 Travelling Allowances - Temporary Staff | | 100000 | 50000 |
| 78 | 2102006 Other allowances - Secretary | | 50000 | 100000 |
| 79 | 2102008 Other allowances - Permanent Staff | | 50000 | 100000 |
| 80 | 2102009 Other allowances - Temporary Staff | | 50000 | 50000 |
| 81 | 2102010 Other allowances - Contingent Staff | | 45286 | 40000 |
| 82 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | | 2700000 | 2900000 |
| 83 | 2102017 Festival Allowance | | 250000 | 250000 |
| 84 | 2102018 Spectacle Allowance | | 10000 | 50000 |
| 85 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 40000 | 100000 |
| 86 | 2102020 Telephone Allowance - Secretary | | 6250 | 10000 |
| 87 | 2102021 Telephone Allowance - Mayor/ Chairperson/ President | | 6250 | 10000 |
| 88 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 6250 | 10000 |
| 89 | 2103006 Employer's Contribution to NPS - Regular Employees | | 400000 | 700000 |
| 90 | 2103007 Pension Contribution | | 200000 | 800000 |
| | Total Establishment Expenses | | 17739036 | 16720000 |
| | Administrative Expenses - 220 | | | |
| 91 | 2201001 Rent of Buildings | | 90000 | 10000 |
| 92 | 2201002 Land Tax/ Basic Tax | | 250 | 1000 |

| | | | | |
|---|---|---|---|---|
| 93 | 2201003 Other Taxes/ Duties | | 250 | 0 |
| 94 | 2201101 Office Electricity Expenses | | 350000 | 800000 |
| 95 | 2201104 Service Connection Charge (KSEB/ KWA) | | 100000 | 150000 |
| 96 | 2201199 Other Office Maintenance Expenses | | 400000 | 700000 |
| 97 | 2201201 Telephone Expenses/ Internet Charges | | 80000 | 100000 |
| 98 | 2201202 Postage Expenses | | 80000 | 80000 |
| 99 | 2201299 Miscellaneous Communication Expenses | | 120000 | 150000 |
| 100 | 2202001 Books & Periodicals | | 46000 | 150000 |
| 101 | 2202101 Printing & Stationery | | 150000 | 200000 |
| 102 | 2204001 Insurance | | 20000 | 75000 |
| 103 | 2205101 Miscellaneous Legal Expenses | | 30000 | 100000 |
| 104 | 2205201 Professional & Other Fees | | 30000 | 50000 |
| 105 | 2206001 Newspaper Advertisement Charges | | 50000 | 100000 |
| 106 | 2206099 Other Advertisement & Publicity Charges | | 25000 | 150000 |
| 107 | 2206101 Membership & Subscriptions | | 10000 | 50000 |
| 108 | 2208005 Donations And Contributions As Per Government Order | | 100000 | 300000 |
| 109 | 2208099 Miscellaneous Administration Expenses | | 350000 | 200000 |
| 110 | 2302001 Water Charges - Street Tap | | 70000 | 200000 |
| | Total Administrative Expenses | | 2101500 | 3566000 |
| | Operation and Maintenance - 230 | | | |
| 111 | 2301001 Electricity Charges for Street Lights | | 1300000 | 2000000 |
| 112 | 2301002 Fuel Charges | | 220000 | 300000 |
| 113 | 2301003 Electricity Charges of Other Buildings of LB | | 300000 | 400000 |
| 114 | 2304099 Other Hire Charges | | 50000 | 200000 |
| 115 | 2305301 Repairs & Maintenance - Vehicles | | 100000 | 0 |
| 116 | 2305902 Repairs & Maintenance - Office Equipments | | 100000 | 100000 |
| 117 | 2308010 Extra - ordinary Expenses | | 100000 | 100000 |
| 118 | 2308013 Sanitation Expenses | | 280000 | 400000 |
| 119 | 2308099 Other Operating & Maintenance Expenses | | 100000 | 100000 |
| 120 | 2308201 Refreshment Charges | | 50000 | 250000 |

| | | | | |
|---|---|---|---|---|
| | Total Operation and Maintenance | | 2600000 | 3850000 |
| | Interest and Finance Charges - 240 | | | |
| 121 | 2408001 Other Finance Expenses | | 200000 | 0 |
| | Total Interest and Finance Charges | | 200000 | 0 |
| | Programe Expenses - 250 | | | |
| 122 | 2501001 Election Expenses | | 1000000 | 0 |
| 123 | 2502001 Expenditure on Poverty Eradication Program | | 27500000 | 30000000 |
| | Total Programe Expenses | | 28500000 | 30000000 |
| | Expenses Related to Productive Sector - 251 | | | |
| 124 | 2510101 Agriculture - Paddy | | 1500000 | 0 |
| 125 | 2510104 Agriculture - Vegetables | | 75000 | 0 |
| 126 | 2510106 Agriculture - Tubercrops | | 250000 | 0 |
| 127 | 2510113 Agriculture - Betel | | 333333 | 0 |
| 128 | 2510201 Animal Husbandry - Cow | | 1600000 | 0 |
| 129 | 2510205 Animal Husbandry - Poultry | | 585000 | 0 |
| 130 | 2510209 Animal Husbandry - Infrastructure | | 1750000 | 0 |
| 131 | 2510210 Animal Husbandry - Disease Control | | 60000 | 0 |
| 132 | 2510305 Dairy Development - Milk Incentives | | 200000 | 0 |
| 133 | 2510404 Inland -Pisciculture | | 250000 | 0 |
| 134 | 2510601 Small scale industries and Micro enterprises | | 2000000 | 0 |
| 135 | 2510801 Soil Conservation | | 200000 | 0 |
| 136 | 2510802 Water Conservation | | 3586985 | 0 |
| | Total Expenses Related to Productive Sector | | 12390318 | 0 |
| | Expenses Related to Service Sector - 252 | | | |
| 137 | 2520107 Education-Related Activities | | 1641000 | 0 |
| 138 | 2520108 Financial Assistance for SC/ ST Students For Higher Education Admission | | 300000 | 0 |
| 139 | 2520111 Contribution towards SSA | | 700000 | 0 |
| 140 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 300000 | 0 |
| 141 | 2520618 Medical Institution - Allopathy | | 7743816 | 0 |
| 142 | 2520619 Medical Institution - Ayurvedic | | 1340000 | 0 |


| | | | | |
|---|---|---|---|---|
| 143 | 2520620 Medical Institution - Homoeo | | 200000 | 0 |
| 144 | 2520702 Drinking Water - Public | | 1390000 | 0 |
| 145 | 2520801 Housing & House Electrification - Individual | | 63513000 | 0 |
| 146 | 2520902 Child Welfare Program | | 18000 | 0 |
| 147 | 2520903 Women Welfare | | 758200 | 0 |
| 148 | 2520904 Welfare of the Aged | | 100000 | 0 |
| 149 | 2520905 Welfare Programs for the Destitute | | 1207513 | 0 |
| 150 | 2520906 Welfare Programs for Physically/ Mentally Challenged | | 3470000 | 0 |
| 151 | 2520908 Social Security Programme | | 425000 | 0 |
| 152 | 2521001 Anganwadi Nutrition | | 6817330 | 0 |
| 153 | 2521101 Anganwadi Infrastructure | | 1215475 | 0 |
| 154 | 2521102 Anganwadi Related Services | | 30000 | 0 |
| 155 | 2521201 Vocational Capacity Building - Vocational Training | | 433250 | 0 |
| 156 | 2521402 Electricity Line - Transformer - Voltage Improvement | | 330000 | 0 |
| 157 | 2521601 Local Government Service Delivery Improvement | | 356000 | 0 |
| 158 | 2521602 Payments to IKM | | 100000 | 0 |
| 159 | 2521904 Toilet (Individual) | | 1984000 | 0 |
| 160 | 2522001 Plan Formulation, Implementation and Monitoring | | 150000 | 0 |
| 161 | 2522203 Draught relief related activities | | 150000 | 0 |
| 162 | 2522303 Solid Waste Management - Preparatory Activities | | 500000 | 0 |
| 163 | 2522304 Solid Waste Management - Classification | | 600000 | 0 |
| 164 | 2522305 Solid Waste Management - Collection and Transportation | | 5137930 | 0 |
| 165 | 2522314 Solid Waste Management - Processing Individual | | 1108800 | 0 |
| 166 | 2522315 Liquid Waste Management - Preparatory Activities | | 148800 | 0 |
| 167 | 2523201 Information and Knowledge Dissemination Capacity Development | | 50000 | 0 |

| | | | | |
|---|---|---|---|---|
| | Total Expenses Related to Service Sector | | 102218114 | 0 |
| | Expenses Related to Infrastructure Sector - 253 | | | |
| 168 | 2530101 Street Lights | | 425000 | 0 |
| 169 | 2530102 Office Electrification | | 242000 | 0 |
| 170 | 2530202 Lanes | | 300000 | 0 |
| 171 | 2530301 Public Buildings - Local Government Office Building | | 200000 | 0 |
| 172 | 2530302 Public Buildings - Other Buildings | | 3889000 | 0 |
| 173 | 2530501 Vehicle Rent for Engineering Wing | | 461600 | 0 |
| | Total Expenses Related to Infrastructure Sector | | 5517600 | 0 |
| | Expenses related to State Sponsored Schemes - 254 | | | |
| 174 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | | 1720600 | 1978690 |
| 175 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | | 30047300 | 34554395 |
| 176 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | | 749000 | 861350 |
| 177 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | | 10333600 | 11883640 |
| 178 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 240000 | 276000 |
| 179 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | | 58809600 | 67631040 |
| 180 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | | 5000000 | 27000000 |
| | Total Expenses related to State Sponsored Schemes | | 106900100 | 144185115 |
| | Revenue Grants, Cotributions and Subsidies - 260 | | | |

| | | | | |
|---|---|---|---|---|
| 181 | 2601009 Treatment expenses- Mahatma Gandhi NREGA/ AUEGS | | 166490 | 200000 |
| | Total Revenue Grants, Cotributions and Subsidies | | 166490 | 200000 |
| | Total Revenue Expenditure | | 278333158 | 198521115 |
| | Capital Expenditure - 4 | | | |
| | Refund of Deposits - 340 | | | |
| 182 | 3401001 Earnest Money Deposit | | 100000 | 0 |
| 183 | 3401003 Retention | | 50000 | 0 |
| 184 | 3408099 Other deposits received | | 50000 | 0 |
| | Total Refund of Deposits | | 200000 | 0 |
| | Payment of Recoveries - 350 | | | |
| 185 | 3501102 Net Salary Payable | | 500000 | 0 |
| 186 | 3501116 Pension Contribution Payable | | 777568 | 0 |
| 187 | 3501301 Employers Liabilities - Pension Contribution (NPS) | | 29345 | 0 |
| 188 | 3502001 Recoveries Payable - General Provident Fund | | 50000 | 0 |
| 189 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | | 99536 | 0 |
| 190 | 3502006 Recoveries Payable - Insurance Premium | | 34695 | 0 |
| 191 | 3502008 Recoveries Payable - Co-operative Recovery | | 50000 | 0 |
| 192 | 3502009 Recoveries Payable - KSFE Recovery | | 8000 | 0 |
| 193 | 3502011 Recoveries Payable - Income Tax Deducted at Source-Salaries | | 100000 | 0 |
| 194 | 3502012 Recoveries Payable - State Life Insurance | | 26100 | 0 |
| 195 | 3502014 Recoveries Payable - Group Insurance | | 18900 | 0 |
| 196 | 3502020 Recoveries Payable - Employee Share NPS | | 32596 | 0 |
| 197 | 3502022 Recoveries Payable -Medisep -Regular | | 12000 | 0 |
| 198 | 3502025 Recoveries Payable - Income Tax Deducted at Source | | 100000 | 0 |
| 199 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | | 100000 | 0 |
| 200 | 3502030 Recoveries Payable - House Building Advance | | 68000 | 0 |

| | | | | |
|---|---|---|---|---|
| 201 | 3502035 Recoveries Payable - PF Loan Repayment - GPF | | 250000 | 0 |
| 202 | 3503001 Government and Other Dues Payable - Library Cess Payable | | 400000 | 0 |
| 203 | 3503005 Government and Other Dues Payable-TDS - CGST | | 100000 | 0 |
| 204 | 3503006 Government and Other Dues Payable-TDS - SGST | | 100000 | 0 |
| 205 | 3503008 Government and Other Dues Payable - CGST | | 100000 | 0 |
| 206 | 3503009 Government and Other Dues Payable - SGST | | 100000 | 0 |
| 207 | 3503013 Government and Other Dues Payable - Others payable | | 7600000 | 0 |
| | Total Payment of Recoveries | | 10656740 | 0 |
| | Fixed Assets - 410 | | | |
| 208 | 4101001 Land | | 100000 | 0 |
| 209 | 4101002 Grounds | | 473755 | 0 |
| 210 | 4102005 Hospital Buildings | | 160000 | 0 |
| 211 | 4102016 Other Buildings | | 500000 | 0 |
| 212 | 4102017 Compound Wall | | 1573755 | 0 |
| 213 | 4103001 Concrete Roads | | 14998020 | 0 |
| 214 | 4103002 Black Topped Roads | | 21905030 | 0 |
| 215 | 4103102 Drainage | | 473755 | 0 |
| 216 | 4103302 Street Light | | 1622828 | 0 |
| 217 | 4104001 Plant & Machinery | | 465720 | 0 |
| 218 | 4105001 Vehicles | | 80000 | 0 |
| 219 | 4106002 Computers, Printers & Peripherals | | 385000 | 0 |
| 220 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 250000 | 0 |
| 221 | 4108001 Other Fixed Assets | | 100000 | 0 |
| | Total Fixed Assets | | 43087863 | 0 |
| | Stock in Hand - 430 | | | |
| 222 | 4301002 Purchase of Material - Stores | | 35000 | 0 |
| | Total Stock in Hand | | 35000 | 0 |
| | Loans, Advances and Deposits - 460 | | | |

| | | | | |
|---|---|---|---|---|
| 223 | 4601001 Festival Advance to Employees | | 200000 | 200000 |
| 224 | 4605003 Advance to Implementing Officers | | 400000 | 0 |
| 225 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 2827575 | 1800000 |
| | Total Loans, Advances and Deposits | | 3427575 | 2000000 |
| | Total Capital Expenditure | | 57407178 | 2000000 |
| | Total Expenditure | | 335740336 | 200521115 |
| | Total Receipts | | 286503935 | 308121365 |
| | Balance | | 29675699 | 137275949 |
| | 2026-27 Plan Expected Expenditure | | | 118406016 |
| | **Net Balance** | | | **18869933** |



നിങ്ങൾ ചിന്തിക്കുന്നതും,
പറയുന്നതും,
പ്രവർത്തിക്കുന്നതും
ഒരുപോലെ ആകുമ്പോഴാണ്
നിങ്ങൾ യഥാർത്ഥത്തിൽ
സന്തുഷ്ടനാണ്
എന്ന് പറയുന്നത്.

മഹാത്മാ ഗാന്ധി



**Email:** ozhurgpmlpm@gmail.com